പുറത്തെഴുത്ത് നമ്പർ ഡി1/8000/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 20.01.2020

സർക്കാർ ഉത്തരവ് (സാധാ) നം.323/2020/പൊ.വി.വ, തീയതി 18.01.2020, അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു. മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഓഫീസ് മേലധികാരിക്കോ പകരം നിയമിച്ച ഉദ്യോഗസ്ഥനോ ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ആശാ ദേവി. വി. എസ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

സ്വീകർത്താവ്:

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സീനിയർ AA/AO(PF), AA/AO/APFO എന്നീ തസ്തികകളിൽ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ) നം. 323/2020/പൊ.വി.വ.** തീയതി, തിരുവനന്തപുരം 18/01/2020

=====================================================================

പരാമർശം:- 1) 28.02.2019-ലെ സ.ഉ.(പി) നം. 2/2019/പൊ.വി.വ.
2) 28.08.2019-ലെ സ.ഉ.(പി) നം. 10/2019/പൊ.വി.വ.
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.12.2019-ലെ ഡി1/8000/2019/DGE നമ്പർ കത്ത്.

## ഉ ത്ത ര വ്

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇപ്പോൾ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അസി.പ്രോവിഡന്റ് ഫണ്ട് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ.സി.ശശികുമാറിനെ സീനിയർ എ.എ/എ.ഒ.(പി.എഫ്.) കേഡറിൽ 42500-87000 രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എ.ഒ.(പി.എഫ്.) ആയി നിലവിലുള്ള ഒഴിവിൽ റഗുലർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (3)-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.കെ.കെ.ഗീതയെ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അസി.പ്രോവിഡന്റ് ഫണ്ട് ഓഫീസർ ആയി ശ്രീ.കെ.സി.ശശികുമാറിന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം പരാമർശം (2)-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇപ്പോൾ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ. ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.പി.സി.ഷീജയെ എ.എ/എ.ഒ./എ.പി.എഫ്.ഒ. കേഡറിൽ 40500-85000 രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നൽകി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസർ ആയി ശ്രീമതി.ഗീത കെ.കെ.-യെ സ്ഥലംമാറ്റുന്ന ഒഴിവിൽ റഗുലർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ഷഹർബാനു**
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം/ഇടുക്കി/മലപ്പുറം (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി3/2/2020/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**